Website: www.keralapsc.gov.in E-Mail: doknr.psc@kerala.gov.in
Telephone: 0497-2700482

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**ജില്ലാ ആഫീസ്, കണ്ണൂർ**

നമ്പർ:C II (4)2047/2009 കണ്ണൂർ,
08.05.2026

## ദർഘാസ് പരസ്യം

**വിഷയം :- കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, ജില്ലാ ആഫീസ്, കണ്ണൂർ - ജില്ലാ ഓഫീസ് , ഓൺലൈൻ പരീക്ഷാ കേന്ദ്രം എന്നിവ നിർമ്മിക്കുന്നതിനായി അനുവദിച്ച് കിട്ടിയ സ്ഥലത്തിന്റെ അതിർത്തി വേലി കെട്ടുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുന്നത് -സംബന്ധിച്ച്.**

********

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കണ്ണൂർ ജില്ലാ ഓഫീസ്, ഓൺലൈൻ പരീക്ഷാ കേന്ദ്രം എന്നിവ നിർമ്മിക്കുന്നതിനായി കണ്ണൂർ-2 വില്ലേജിൽ ഇറിഗേഷൻ വകുപ്പിന് കീഴിലുള്ള റി സർവ്വേ നമ്പർ 924-ൽ 5.9648 ഏക്കർ സ്ഥലത്ത് നിന്നും പബ്ലിക് സർവ്വീസ് കമ്മീഷന് അനുവദിച്ച് കിട്ടിയ 40 സെന്റ് സ്ഥലത്തിന്റെ (ധനലക്ഷ്മി ആശുപത്രിക്ക് പുറക് വശം, താണ) അതിർത്തി വേലി കെട്ടുന്നതുമായി ബന്ധപ്പെട്ട് താൽപര്യമുള്ള അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും മുദ്ര വെച്ച കവറിൽ ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

അതിർത്തി വേലി നിർമ്മാണം ചുവടെ ചേർത്ത മാനദണ്ഡങ്ങൾ പാലിച്ചായിരിക്കണം നടത്തേണ്ടത്.

1. അതിർത്തി വേലി സ്ഥാപിക്കുന്നതിനായി ഉപയോഗിക്കുന്ന കുറ്റികൾ RCC ഉപയോഗിച്ച് നിർമ്മിച്ചവയും 5 അടി ഉയരം ഉള്ളതും ആയിരിക്കണം.
2. കുറ്റികൾ തമ്മിൽ 10 അടി അകലത്തിൽ കൂടാൻ പാടില്ല.
3. അതിർത്തി വേലി കെട്ടുന്നതിന് TATA STEEL ഉപയോഗിച്ച് നിർമ്മിച്ച മൂന്ന് നിര മുള്ള് കമ്പി ഉപയോഗിക്കേണ്ടതാണ്.
4. അതിർത്തി വേലി സ്ഥാപിക്കുന്നതിന് വരുന്ന എസ്റ്റിമേറ്റ് തുക മീറ്റർ നിരക്കിൽ ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടതാണ്.

……………...2

ക്വട്ടേഷനുകൾ **15.05.2026**ന് ഉച്ചക്ക് ശേഷം **2.30** മണിക്ക് മുമ്പായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കണ്ണൂർ ജില്ലാ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. ക്വട്ടേഷൻ നൽകുന്നവർ തുക (GST തുകയോട്ടു കൂടി) വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്. മേൽ പറഞ്ഞ സമയത്തിന് ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ നിരുപാധികം നിരസിക്കുന്നതാണ്. പ്രസ്തുത ക്വട്ടേഷനുകൾ **15.05.2026** ന് ഉച്ചക്ക് ശേഷം 03.00 മണിക്ക് ക്വട്ടേഷൻ സമർപ്പിച്ചതിൽ ഹാജരായിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും അനന്തര നടപടികൾ സ്വീകരിക്കുന്നതുമാണ്.

മേൽ സൂചിപ്പിച്ച സ്ഥലത്ത് നിലവിലുള്ള പാഴ്മരങ്ങൾ മുറിച്ച് മാറ്റുന്ന മുറയ്ക്ക് അതിർത്തി വേലി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ഈ ഓഫീസിൽ നിന്നും നൽകുന്നതായിരിക്കും.

ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ , കണ്ണൂർ ജില്ലാ ഓഫീസറിൽ നിക്ഷിപ്തമാണ്.

Sd/-

ഷാജി കച്ചുമ്പ്രോൻ
ജില്ലാ ആഫീസർ,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
ജില്ലാ ആഫീസ്, കണ്ണൂർ.

പകർപ്പ്

1) 2) എൻക്വയറി 2) വെബ്സൈറ്റ് 3) നോട്ടീസ് ബോർഡ്